നിലപാടാണ് മാനേജുമെൻറ് എടുത്തത്. തൊഴിലാളി യൂണിയനുകളെ സംബന്ധിച്ചിടത്തോളം അതു അംഗീകരിക്കാൻ സാദ്ധ്യമല്ലായെന്ന നിലപാടാണ് അന്ന് എടുത്തത് അതിനുശേഷം ഫെബ്രുവരി മാസം രണ്ടാം തീയതി ഒരു കോൺഫറൻസ് വിളിച്ചുകൂട്ടി. അതിൽ വച്ച് യൂണിയനുകളും 76-ലേയും 75-ലേയും ബോണസുകളെ സംബന്ധിച്ചിടത്തോളം മാനേജുമെൻറ് എടുത്ത നിലപാട് അംഗീകരിച്ചു. അതോടൊപ്പം വൈദ്യസഹായത്തെ സംബന്ധിച്ചും വീടിനെ സംബന്ധിച്ചും ഉള്ള എല്ലാ ഡിമാൻറുകളെ സംബന്ധിച്ചും തീരുമാനം ഉണ്ടാകണമെന്ന നിലപാട് തൊഴിലാളി യൂണിയനുകളും സ്വീകരിച്ചു. അതുകൊണ്ട് ഒത്തുതീർപ്പ് ഉണ്ടാക്കാൻ സാധിച്ചില്ല. മാനേജുമെൻറിന് ഇതിനെ സംബന്ധിച്ച് കൂടുതൽ ആലോചിക്കേണ്ടതാണെന്ന അഭിപ്രായത്തിൽവീണ്ടും മാറ്റി വയ്ക്കുകയും ഫെബ്രുവരി 12-ാം തീയതി വീണ്ടും കോൺഫറൻസ് വിളിച്ചു കൂട്ടുകയും ചെയ്തു. ആ കോൺഫറൻസിൽ പങ്കെടുക്കാൻ മാനേജുമെൻറിന് സാധിച്ചില്ല. 21.2.1979-ൽ കോൺഫറൻസ് വിളിച്ചു കൂട്ടാൻ മാറ്റി വയ്ക്കുകയും കോൺഫറൻസ് വിളിച്ചു കൂട്ടുകയും ചെയ്തു. നിർഭാഗ്യവശാൽ ആ കോൺഫറൻസിൽ ഒത്തു തീർപ്പ് ഉണ്ടാക്കാൻ സാധിച്ചില്ല. ഉടനെ തന്നെ മറെറാരു കോൺഫറൻസ് വിളിച്ചു കൂട്ടാനുള്ള നടപടികളും എടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

മറെറാരു കാര്യം ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത്, പോലീസിൻെറ ഇടപെടൽ ഉണ്ടായിരുന്നു എന്നാണ്. അനാവശ്യമായ ഇടപെടലുകളും ഉണ്ടായിട്ടുണ്ടെങ്കിൽ ഗവൺമെൻറിൻെറ ശ്രദ്ധയിൽ പെടുത്തിയാൽ അതു ഇല്ലാതാക്കുന്നതിനു വേണ്ട എല്ലാ നടപടികളും എടുക്കുന്നതാണ്.

V. റിപ്പോർട്ടു സമർപ്പണം

പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 21-ാമതു റിപ്പോർട്ട്:

ശ്രീ. എം. കെ. കൃഷ്ണൻ: പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ 21-ാമതു റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നു.

VI. നിയമനിർമ്മാണകാര്യം

(i) 1979-ലെ സൈലൻറുവാലി സംരക്ഷിത പ്രദേശം (ഇക്കോളജിക്കൽ ബാലൻസ് സംരക്ഷണം) ബിൽ - (തുടർച്ച)

(Mr. Deputy Speaker in the Chair)

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി: സർ, സൈലൻറു വാലി പദ്ധതി നമ്മുടെ സംസ്ഥാനത്തിന് ഏറെറവും ആവശ്യമുള്ള ജല വൈദ്യുത ജലസേചന പദ്ധതി എന്ന നിലയ്ക്ക് നടപ്പാക്കണമെന്നുള്ള അഭിപ്രായത്തിൽ ഉറച്ചു നിന്നുകൊണ്ടുതന്നെയാണ് ഞാൻ ചിലതൊക്കെ ഇന്നലെ പറഞ്ഞത്. പ്രോജക്ടറു റിപ്പോർട്ടനുസരിച്ചു തന്നെ ജല സംഭരണിക്കു ഏഴു ചതുരശ്ര കിലോ മീറർ വേണ്ടി വരും. അതുപോലെ

LIBRARY ARCHIVES Kerala Legislative Assembly